JD Academic
D
28 OCT 2011
38598
28/10

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - ഹയർസെക്കന്ററി വിദ്യാഭ്യാസം എയ്ഡഡ് - 2010-11 അദ്ധ്യയന വർഷം മുതൽ പുതുതായി ആരംഭിച്ച എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്**

**സ.ഉ(കയ്യെഴുത്ത്) നം. 211/2011/പൊ.വി.വ.** **തീയതി, തിരുവനന്തപുരം, 24.10.2011**

പരാമർശം 1. സ.ഉ.(കയ്യെഴുത്ത്) നമ്പർ. 128/2010/പൊ.വി.വ. തീയതി 20.07.2010
2. സ.ഉ.(കയ്യെഴുത്ത്) നമ്പർ. 146/10/പൊ.വി.വ തീയതി 31.7.2010
3. സ.ഉ.(കയ്യെഴുത്ത്) നമ്പർ. 168/2011 പൊ.വി.വ തീയതി 6.08.2010
4. ഹയർസെക്കന്ററി ഡയറക്ടറുടെ 24.02.2011-ാം തീയതിയിലെ എ.സി.ഡി.ബി 5/47005/10/എച്ച്.എസ്.ഇ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് തൃശ്ശൂർ ജില്ലയിലും മലബാർ മേഖലയിലെ 6 ജില്ലകളിലും 2010-11 അക്കാദമിക് വർഷം മുതൽ സർക്കാർ/എയിഡഡ് മേഖലയിൽ പുതിയ ഹയർസെക്കന്ററി സ്കൂളുകൾ ആരംഭിക്കുകയുണ്ടായി. പുതുതായി കോഴ്സുകൾ അനുവദിച്ച സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതു വരെ പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുന്ന മുറയ്ക്ക് താൽക്കാലികമായി ഗസ്റ്റ് ലക്ചറർമാരെ നിയമിച്ച് ക്ലാസുകൾ നടത്തുന്നതിന് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം സർക്കാർഹയർസെക്കന്ററി സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിച്ചുത്തരവായിട്ടുണ്ട്.

2) പരാമർശം (1) ലും (2) ലും പ്രകാരം പുതുതായി ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ച് സംസ്ഥാനത്ത് 146 എയിഡഡ് സ്കൂളുകളിൽ ഈ വർഷം തന്നെ കോഴ്സുകളും ബാച്ചുകളും ആരംഭിച്ചിട്ടുള്ളതിനാൽ താഴെ പറയും പ്രകാരം പ്രിൻസിപ്പാൾ/അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

| തസ്തിക | എണ്ണം(2010-11) |
|---|---|
| എച്ച്.എസ്.എസ്.ടി (ജൂനിയർ) | 1510 |
| എച്ച്.എസ്.എസ്.ടി | 110 |
| പ്രിൻസിപ്പാൾ | 146 |

3) ഹയർസെക്കന്ററി ഡയറക്ടറുടെ മേൽ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം

സമർപ്പിച്ചിട്ടുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിൽ ആരംഭിച്ച എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) യുടെ 1510 തസ്തികകളും എച്ച്.എസ്.എസ്.റ്റി (110) യുടെ തസ്തികകളും പ്രിൻസിപ്പാളിന്റെ 146 തസ്തികകളും 6.8.2011 മുതൽ മുൻകാല പ്രാബല്യത്തിൽ സൃഷ്ടിച്ച് ഉത്തരവാകുന്നു.

(4) മേൽ പരാമർശിച്ച തസ്തികകളുടെ എണ്ണം ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സ്വയം പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും 2011 ലെ ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരം തസ്തികകളുടെ എണ്ണം കണക്കാക്കി നിയമനം നടത്താൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എം.ശിവശങ്കർ**
സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്

ഡയറക്ടർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, പൊതുവിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) (എ & ഇ) കേരള, തിരുവനന്തപുരം
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്)
പൊതുഭരണ (എസ്.സി) വകുപ്പ് (ഐറ്റം നമ്പർ 631)
ധനകാര്യ വകുപ്പ് (13.10.2011 ലെ 65998/എഡ്യു.ബി1/2011/ധ.വ.നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (യു) വകുപ്പ്
പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- 1) വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ